**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 737** **29.10.2019 -ൽ മറുപടിയ്ക്ക്**

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ വെള്ളിനേഴി കലാഗ്രാമത്തിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് 2014 ൽ രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകയിരുന്നു. (ഒരു കോടി രൂപ ടൂറിസം വകുപ്പ് ഫണ്ട്, ഒരു കോടി രൂപ ഷൊർണ്ണൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട്). എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിന് സാങ്കേതിക കാരണങ്ങൾ നിലവിലുള്ളതിനാൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഒഴിവാക്കി ടൂറിസം വകുപ്പ് തന്നെ മുഴുവൻ തുകയും വഹിക്കുന്നതിന് 2017 ൽ രണ്ടു കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ഡി.ടി.പി.സിക്ക് നൽകിയിട്ടുണ്ട്. |
| **ബി)** ഇതിൽ ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ? | ബി) സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാവുകയും 05.03.2019 ന് ഉത്ഘടനം നിർവ്വഹിക്കുകയും ചെയ്തു. ചുറ്റുമതിലിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ